## പ്രവാസികൾക്ക് കരുതലും ബോധവൽക്കരണവും:

## എറണാകുളത്ത്  പ്രവാസികൾക്ക്  3000 ഐ.ഇ.സി കിറ്റുകൾ വിതരണം ചെയ്തു

ലോകമെമ്പാടും കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് കേരളത്തിലേക്കെത്തുന്ന പ്രവാസികൾക്ക് കരുതലൊരുക്കുന്നതിന്റെ ഭാഗമായി നെടുമ്പാശേരി എയർപോർട്ടിലെത്തിയ പ്രവാസികൾക്കായി കുടുംബശ്രീ 3000 ഐഇസി കിറ്റുകൾ നൽകി. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ തയ്യാറാക്കിയ ഐഇസി കിറ്റിന്റെ വിതരണോദ്ഘാടനം എറണാകുളത്ത് ജില്ലാ കലക്ടർ എസ്.സുഹാസ് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ടി.പി ഗീവർഗ്ഗീസിന്റെ കൈയ്യിൽ നിന്നും ഏറ്റു വാങ്ങി നിർവഹിച്ചു. പ്രവാസികൾക്ക് കരുതലും സുരക്ഷയും ഒരുക്കുന്നതിന്റെ ഭാഗമായാണ് ബോധവൽക്കരണത്തിനാവശ്യമായ ലഘുലേഖകൾ അടങ്ങിയ കിറ്റ് നൽകുന്നത്.

മുഖ്യമന്ത്രി, തദ്ദേശ സ്വയംഭരണ, ആരോഗ്യ വകുപ്പ് മന്ത്രിമാരുടെ സന്ദേശങ്ങൾ, ക്വാറന്റെയ്നിൽ കഴിയുന്നവർ പുലർത്തേണ്ട കോവിഡ് ജാഗ്രതാ നിർദേശങ്ങൾ, രണ്ട് മാസ്കുകൾ, സാനിറ്റൈസർ എന്നിവ അടങ്ങിയതാണ് ഐ.ഇ.സി കിറ്റ്. കുടുംബശ്രീ തയ്യൽ യൂണിറ്റുകൾ മുഖേന നിർമിച്ച തുണി സഞ്ചികളിലാണ് ബോധവൽക്കരണത്തിനാവശ്യമായ ലഘുലേഖകളും മാസ്കും സാനിറ്റൈസറും നൽകുന്നത്.

ഓരോ ദിവസവും വിദേശത്തു നിന്നും എയർപോട്ടിലെത്തുന്ന പ്രവാസികൾക്കാവശ്യമായ കിറ്റുകൾ ജില്ലാഭരണകൂടത്തിന്റെ നിർദ്ദേശമനുസരിച്ച് ബന്ധപ്പെട്ട എയർപോർട്ട് അധികൃതർക്ക് കുടുംബശ്രീ കൈമാറും. എയർപോർട്ടിൽ

വന്നിറങ്ങി അവിടെ നിന്നും നേരെ  ക്വാറന്റെയ്നിൽ പോകുന്ന  പ്രവാസികൾക്കായി എയർപോർട്ട് അതോറിറ്റി  സജ്ജീകരിച്ച  പ്രത്യേക ഫുഡ് കൗണ്ടർ വഴിയാണ് ഭക്ഷണ പാക്കറ്റിനൊപ്പം കുടുംബശ്രീയുടെ  ഐ.ഇ.എസി കിറ്റും നൽകുന്നത്. ക്വാറന്റെയ്നിൽ കഴിയുന്ന  പ്രവാസികൾക്ക് ഏറെ സഹായകരമാകുന്ന വിധത്തിലാണ് കോവിഡ് കാല പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചും മുൻകരുതലുകളെ കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന ലഘുലേഖകൾ തയ്യാറാക്കിയിട്ടുള്ളത്. തിരുവനന്തപുരം, നിലവിൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെയടക്കം  കേരളത്തിലെ മൂന്ന്

പ്രമുഖ വിമാനത്താവളങ്ങളിലും വിദേശത്തു നിന്നുമെത്തുന്ന പ്രവാസികൾക്കായി കുടുംബശ്രീ തയ്യാറാക്കിയ ഐ.ഇ.സി കിറ്റുകൾ നൽകുന്നുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന പ്രവാസികൾക്ക് ഐഇസി കിറ്റുകൾ വിതരണം ചെയ്യാനാവശ്യമായ നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്.

എറണാകുളത്ത് ഐ.ഇ.സി കിറ്റ് വിതരണോദ്ഘാടന ചടങ്ങിൽ ജില്ലാ പ്രോഗ്രാം മാനേജർമാരായ അജിത്ത്  പി.എ, അജേഷ്. എൻ എന്നിവർ സന്നിഹിതരായി.